Page 1 of 1

(ബി) ഈ കുറവു പരിഹരിക്കാൻ ഗവൺമെൻറ് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിന് സ്പെഷ്യലിസ്ററുകളെ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) ചില കേന്ദ്രങ്ങളിൽ കുറവ് ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിലെ വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 1991-92 കാലയളവിൽ 22 ഡോക്ടർമാരെ പി. എസ്. സി. മുഖേന നിയമിച്ചിട്ടുണ്ട്. പി. എസ്. സി.-യിൽ നിന്നും ലിസ്ററ് കിട്ടുന്ന മുറക്ക് ശേഷിക്കുന്ന ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതാണ്. മററ് സ്ററാഫംഗങ്ങളുടെ ഒഴിവുകൾ നികത്താനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്പെഷ്യലിസ്ററുകളുടെ ലഭ്യത അനുസരിച്ച് നിയമിക്കുന്നതാണ്.

## റാന്നിയിലെ ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങൾ

232 [3156] ശ്രീ. എം. സി. ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങൾ പലതും പണി തീർന്നിട്ടും പ്രവർത്തനത്തിനായി തുറന്നു കൊടുക്കാതിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങൾ എത്രയുംവേഗം തുറന്നു പ്രവർത്തിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വിശദീകരിക്കാമോ; എന്നു മുതൽ തുറന്നു പ്രവർത്തിക്കും എന്നു ദയവായി വെളിപ്പെടുത്താമോ?

## ഉത്തരം

(എ) പണി പൂർത്തിയായി ആരോഗ്യ വകുപ്പിന് കൈമാറിയ എല്ലാ സബ് സെൻററുകളും തുറന്ന് പ്രവർത്തിക്കുന്നുണ്ട്.

(ബി, സി) പണി തീർന്ന കുടുംബക്ഷേമ കേന്ദ്രങ്ങൾ ആരോഗ്യ വകുപ്പിന് കൈമാറുന്ന മുറയ്ക്ക് തുറന്ന് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly